Regd /AD

ഭരണഭാഷ-മാതൃഭാഷ

തെങ്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ന്റെ / യുടെ നടപടിക്രമങ്ങൾ

( ഹാജർ-യമുന കെ കെ )

വിഷയം:- തെങ്കര ഗ്രാമ പഞ്ചായത്ത്- ബഹു കേരളാ ഹൈക്കോടതി മുൻപാകെ ശ്രീ നാസർ ഫയൽ ചെയ്ത WP(C) NO. 26113 /2022 നംപർ കേസിൻമേലുള്ള ബഹു.ഹൈക്കോടതിയുടെ 04.12.2024 തിയ്യതിയലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ശ്രീ നാസർ പനങ്ങാട്ടിൽ വീട് മണ്ണാർക്കാട് എന്നവരുടെ 19.02.2018 തിയ്യതിയലെ എ2-1263/2018 നംപർ കെട്ടിട നിർമ്മാണ അനുമതി അപേക്ഷ.

2. ശ്രീ നാസർ എന്നവരുടെ 14.01.2020 തിയ്യതിയിലെ എ2-340/2020 നംപർ കെട്ടിട നംപർ ലഭിക്കുന്നതിനുള്ള അപേക്ഷ.

3. ശ്രീ.നാസർ പനങ്ങാട്ടിൽ എന്നവരുടെ 13.12.2024 തിയ്യതിയലെ എ3-5413/2024 നംപർ അപേക്ഷ.

4. ബഹു.കേരളാ ഹൈക്കോടതിയുടെ 04.12.2024 തിയ്യതിയലെ WP(C) No 26113/2022 നംപർ ഉത്തരവ്.

5. പാലക്കാട് ജില്ലാ അദാലത്ത് സ്ഥിരം സമിതിയുടെ 31/01/2025 തീയതിയിലെ തീരുമാനം.

ഉത്തരവ് നമ്പർ- **401132/PTAL07/General/2024/5413/(5)** തിയതി : **15/02/2025**

o/c

തെങ്കര ഗ്രാമ പഞ്ചായത്തിൽ മണ്ണാർക്കാട് 2 വില്ലേജിൽ സർവ്വേ നംപർ 180/24A3 യിൽ ഉൾപ്പെട്ട് വരുന്ന 0.0405 ആർ വസ്തുവിൽ 290.02. ച.മീറ്റർ വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിട നിർമ്മാണ അനുമതി ലഭിക്കുന്നതിന് ശ്രീ നാസ്സർ പനങ്ങാട്ടിൽ വീട് മണ്ണാർക്കാട് എന്നയാൾ മേൽ പരാമർശ്ശം (1) പ്രകാരം നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ ആയത് സാങ്കേതിക വിഭാഗം പരിശോധിച്ച് സമർപ്പിച്ച റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ 02.03.2018 തിയ്യതിയലെ A2-BA(61283)/2018 നംപരായി കെട്ടിട നിർമ്മാണ അനുമതി ഈ കാര്യാലയത്തിൽ നിന്നും നൽകിയിരുന്നു. തുടർന്ന് ശ്രീ നാസർ ടിവസ്തുവിൽ നിർമ്മിച്ച കെട്ടിത്തിന് ഒക്കുപ്പൻസി അനുവദിച്ച് ലഭിക്കുന്നതിന് മേൽ പരാമർശ്ശം (2) പ്രകാരം ഈ കാര്യാലയത്തിൽ സമർപ്പിക്കുകയും ആയത് പരിശോധിച്ചപ്പോൾ മേൽ വസ്തുവിൽ നിർമ്മാണം നടത്തുന്നതിന് അനുവദിച്ച കെട്ടിട നിർമ്മാണ അനുമതിയൽ നിന്നും വ്യതിചലിച്ച് ചട്ടലംഘനം നടത്തി 511.83 ച.മി വിസ്തീർണ്ണത്തിൽ കെട്ടിട നിർമ്മാണം നടത്തിയതായി കാണുന്നു. ഈ സാഹചര്യത്തിൽ പരാമർശ്ശം (1) പ്രകാരം അനുവദിച്ച കെട്ടിടനിർമ്മാണ അനുമതി അസാധുവായി കണക്കാക്കാവുന്നതാണ്. എങ്കിലും 11.04.2020 തിയ്യതിയലെ PS 2/37/2022 നംപർ ഗവ. സർക്കലർ പ്രകാരം ഗ്രാമ പഞ്ചായത്ത് തലത്തിലുള്ള അദാലത്ത് സമിതിയുടെ പരിഗണനക്ക് സമർപ്പിക്കുകയും 26.4.2022, 27.04.2022 തിയ്യതികളിൽ ഗ്രാമപഞ്ചായത്തിൽ ചേർന്ന അദാലത്ത് സമിതി ചട്ടം 26 ൻറെ ലംഘനത്തിന് 20% ടോളറൻസ് നൽകി ആയത് പരിഹരിച്ചെങ്കിലും ചട്ടം 27 ൻറെ ലംഘനം നില നിൽക്കുന്നതിനാൽ ടി കെട്ടിത്തിന് ഒക്കുപ്പൻസി അനുവദിച്ചിട്ടില്ലാത്തതാണ്.

തുടർന്ന് ടി വിഷയം സംബന്ധിച്ച് ശ്രീ നാസർ ബഹു.കേരളാ

ഹൈക്കോടതിയിൽ അന്യായം ഫയൽ ചെയ്യുകയും ആയതിൻറെ അടിസ്ഥാനത്തിൽ ബഹു ഹൈക്കോടതി മേൽ സൂചന 4 ഉത്തരവ് പ്രകാരം ആവലാതിക്കാരൻറെ അപേക്ഷ കെ.പി.ബി.ആർ 2011 ചട്ടപ്രകാരം പരിഗണിക്കുന്നതിന് ഉത്തരവാകുകയും ചെയ്തിൻറെ അടിസ്ഥാനത്തിൽ മേൽ കോടതി വിധി നടപ്പിലാക്കുന്നതിലേക്കായി സൂചന 2 പ്രകാരമുള്ള അപേക്ഷയുടെ നിജസ്ഥിതി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സാങ്കേതിക വിഭാഗം അസി.എൻജിനിയർക്ക് മേൽ സൂചന ഫയലുകളും. മേൽ കോടതി വിധിയും കൈമാറുകയും ടി വിഷയത്തിൽ അസി എൻജിനിയരുടെ 04.01.2025 തിയ്യതിയലെ സാങ്കേതിക പരിശോധനാ റിപ്പോർട്ട് പ്രകാരം കെ.പി.ബി.ആർ 2011 പ്രകാരമുള്ള സെറ്റ് ബാക്കുകൾ നിലവിൽ ടി കെട്ടിത്തിന് ഇല്ലായെന്ന് റിപ്പോർട്ട് സമർപ്പിച്ചതിൻറെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് ടിവിഷയത്തിൽ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കാതെ വരികയും ആയതിനാൽ ബന്ധപ്പെട്ട ഫയലുകളും മേൽ കോടതി വിധിയും ജില്ലാതല സ്ഥിരം അദാലത്ത് സമിതയുടെ തീരുമാനത്തിനായി സമർപ്പിക്കുകയും ചെയ്തിരുന്നു. അദാലത്ത് സമിതി ആയതിൻറെ തീരുമാനം SGD/JD/PKD/2766/2024-F6 നമ്പർ ഉത്തരവ് പ്രകാരം ആയതിന് നിരവധി ചട്ടലംഘനങ്ങൾ നിലനിൽക്കുന്നതായും ഈ സാഹചര്യത്തിൽ കെട്ടിടം ക്രമവത്കരിക്കുന്നതിന് 2024 അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്ന ചട്ടപ്രകാരം അപേക്ഷ വാങ്ങി തുടർനടപടികൾ സ്വീകരിക്കുന്നതിനും 03/02/2025 തീയതിയിലെ ഇ-മെയിൽ സന്ദേശത്തിലൂടെ അറിയിച്ചിരുന്നു. ആയതിന് വ്യക്തത തേടി കത്ത് നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായിട്ടില്ലാത്തതാണ്.

തുടർന്ന് ടി വിഷയത്തിൽ മേൽക്കോടതി ഉത്തരവിൻറെ അടിസ്ഥാനത്തിൽ 2011 കെ.പി.ബി.ആർ ചട്ടപ്രകാരം ടിയാൻറെ അപേക്ഷ പരിഗണിക്കുമ്പോൾ നില നിൽക്കാനിടയുള്ള ചട്ട ലംഘനങ്ങൾ ആവലാതിക്കാരനെ ബോദ്ധ്യപ്പെടുത്തി ആയത് പരിഹരിച്ച് തരാൻ കഴിയുമോ എന്ന് ആരായുന്നതിനുമായി, പരാതിക്കാരനെ നേരിൽ കേൾക്കുന്നതിന് നിശ്ചയിക്കുകയും ആയതിലേക്കായി 13.02.2025 തിയ്യതിയിൽ പകൽ 11 മണിക്ക് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ ചേംബറിൽ ആവലാതിക്കാരനോ, ടിയാളുടെ നിയമനുസൃതം അധികാരപ്പെടുത്തിയ പ്രതിനിധിയോ ഹാജരാകുന്നതിന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി രേഖാമൂലം ആവലാതിക്കാരനും , ആവലാതിക്കാരൻറെ പവർ ഓഫ് അറ്റോർണി ഹോൾഡർ ആയ ശ്രീ ഷൌക്കത്തലി എന്നയാൾക്കും രജിസ്റ്റേർഡ് പോസ്റ്റായി നോട്ടീസ് നൽകിയിരുന്നതുമാണ്.

തുടർന്ന് 13.02.2025 തിയ്യതിയിൽ തെങ്കര ഗ്രാമ പഞ്ചയത്ത് സെക്രട്ടറിയുടെ ചേംബറിൽ നടന്ന മേൽ ഹിയറിംഗിലേക്ക് ആവലാതിക്കാരൻ നേരിട്ട് ഹാജരാകാതെ ടിയാളുടെ പ്രതിനിധിയായി ആവലാതിക്കാരൻറെ പവർ ഒഫ് അറ്റോർണ്ണി ഹോൾഡറായ ശ്രീ. ഷൌക്കത്തലിയും, കൂടാതെ ശ്രീ. ഷംസുദ്ദീൻ നീരാണി വീട് പൂഞ്ചക്കോട് എന്നയാളെ ചുമതലപ്പെടുത്തി എന്ന് കാണിച്ച് വെള്ളപേപ്പറിൽ തയ്യാറാക്കിയ നിയമാനുസൃതമല്ലാത്ത ഒരു കയ്യെഴുത്ത് പ്രതി സഹിതം ശ്രീ ഷംസുദ്ദീൻ എന്നയാൾ ഹാജരാകുകയുംചെയ്തു. ആവലാതിക്കാരൻറെ പവർ ഓഫ് അറ്റോർണി ഹോൾഡറായ ശ്രീ. ഷൌക്കത്തലി എന്നവർക്ക് ടി ഹിയറിംഗിൽ പങ്കെടുക്കാമെന്നും എന്നാൽ നിയമാനുസൃതമല്ലാത്ത ടി കയ്യെഴുത്ത് പ്രതിയിലെ ഒപ്പും ആവലാതിക്കാരൻ മുൻപ് ഈ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുള്ള വിവിധ രേഖകളിലെ ഒപ്പുകളും തമ്മിൽ ഒത്ത് നോക്കിയപ്പോൾ ആയവയിൽ പ്രകടമായ വ്യത്യാസം കണ്ടെത്തിയതിനാൽ സെക്രട്ടറി ടി രേഖ നിരാകരിക്കുകയും ശ്രീ ഷംസുദ്ദീന് ഹിയറിംഗിൽ ആവലാതിക്കാരൻറെ പ്രതിനിധിയായി പങ്കെടുക്കാൻ കഴിയുകയില്ല എന്നറിയിച്ചതിൽ പ്രകോപിതരായി ഹാജരായ ആവലാതിക്കാരൻറെ പവർ ഓഫ് അറ്റോർണി ഹോൾഡറായ ശ്രീ. ഷൌക്കത്തലിയും, ശ്രീ ഷംസുദ്ദീനും ടി നിരാകരണ കാരണം രേഖാമൂലം എഴുതി തരണമെന്ന് ആവശ്യപ്പെടുകയും ആയത് നൽകിയപ്പോൾ ഹിയറിംഗ് ബഹിഷ്കരിച്ച് 2 പേരും ഇറങ്ങി പോയിട്ടുള്ളതാകുന്നു.ടി സാഹചര്യത്തിൽ ബഹു കോടതിയുടെ ഉത്തരവ് നടപ്പിലാക്കുന്നതിനായാണ് ടി ഹിയറിംഗിന് വിളിച്ചിട്ടുള്ളതെന്നും ആയതിൽ ഇരിക്കണമെന്നും ആവലാതിക്കാരൻറെ പവർ ഓഫ് അറ്റോർണി ഹോൾഡറായ ശ്രീ ഷൌക്കത്തലി എന്നവരോട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അഭ്യർഥിച്ചിട്ടും ആയത്

ചെവികൊള്ളാതെ ശ്രീ ഷൌക്കത്തലി ടി സിറ്റിംഗിൽ നിന്ന് ഇറങ്ങി പോകുകയും ചെയ്തതിനാൽ ആവലാതിക്കാരനെ കേൾക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമാണ്.

ബഹു. കോടതി ഉത്തരവ് പ്രകാരം 2011-ലെ കെട്ടിട നിർമ്മാണ ചട്ട പ്രകാരം അപേക്ഷ പരിഗണിച്ചതിൽ ടി കെട്ടിടത്തിന് സാങ്കേതിക വിഭാഗം അസി. എൻജിനീയർ പരിശോധന നടത്തി സമർപ്പിച്ച നിജസ്ഥിതി റിപ്പോർട്ടിൽ front yard 3 M, side yard 1.2.M , 1M , rear yard 2 M എന്നിങ്ങനെയാണ് അനുശാസിക്കുന്നതെന്നും നിലവിലെ കെട്ടിടത്തിൽ നിന്ന് പ്രസ്തുത അകലം പാലിച്ചിട്ടില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ അപേക്ഷ പരിഗണിച്ച ഈ കേസിലെ 5 ാം കക്ഷിയായ ജില്ലാ സ്ഥിരം അദാലത്ത് സമിതി സെറ്റ് ബാക്ക് (ചട്ടം 27) , കാർ പാർക്കിംഗ് സംവിധാനം (ചട്ടം 38), സാനിറ്റേഷൻ സംവിധാനം ചട്ടം( 56), സ്റ്റെയർകേസ് (ചട്ടം 44), കോറിഡോറിൻറെ വീതി (46) ചട്ടലംഘനങ്ങൾ നിലനിൽക്കുന്നുണ്ട് എന്നും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആയതിനാൽ മേൽ റിപ്പോർട്ടിൻറെയും ജില്ലാ അദാലത്ത് സമിതി തീരുമാനത്തിൻറെയും അടിസ്ഥാനത്തിൽ ടി കെട്ടിടം ക്രമവത്കരിച്ച് ലഭിക്കുന്നതിന് അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനുള്ള ചട്ടങ്ങൾ പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകനോട് നിർദ്ദേശിച്ച് കൊണ്ടും, അപേക്ഷ സമർപ്പിക്കുന്ന മുറക്ക് അടിയന്തരമായി ആയത് പരിഗണിക്കുന്നതാണെന്ന് അപേക്ഷകനെ അറിയിച്ചുകൊണ്ടും ബഹു. കോടതിയുടെ വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നു.

Document certified by YEMUNA K K
<yemunamurali@gmail.com>
Digitally signed by YEMUNA K K
Date: 2025.02.1 44:44 IST
Reason: ILGMS Govt. of Kerala

സെക്രട്ടറി

1) ശ്രീ നാസർ
S/O ഗുലാൻ മുഹമ്മദ്,പനങ്ങാട്ടിൽ വീട് നാരങ്ങാപ്പറ്റ പെരുമ്പടാരി പോസ്റ്റ് മണ്ണാർക്കാട്

2) ശ്രീ. ഷൗക്കത്തലി ടി S/o ഗുലാൻ മുഹമ്മദ്
പനങ്ങാട്ടിൽ വീട്, നാരങ്ങാപ്പറ്റ
പെരിമ്പടാരി (പോ) മണ്ണാർക്കാട്

Despatched on 15/02/25
as ordinary / AD
Thenkara Grama Panchayath
Thenkara P.O.
Despatched Clerk